# Malayala Manorama

# 16 August 2018

# Kochi : Heavy rain,relief  Camp



**എന്നു പോകാം വീട്ടിലേക്ക്:** കൊച്ചി പറവൂർ ഇളന്തിക്കര ഗവൺമെന്റ് സ്കൂളിലെ ദുരിതാശ്വാസ ക്യാംപ് സന്ദർശിക്കാൻ കേന്ദ്ര ആഭ്യന്തര മന്ത്രി രാജ്നാഥ് സിങ് എത്തിയപ്പോൾ ക്യാംപിലെ അന്തേവാസികളായ മുതിർന്ന സ്ത്രീകളുടെ പ്രതികരണം.

## പ്രളയക്കെടുതി ദേശീയദുരന്തമായി പ്രഖ്യാപിക്കണം: കോൺഗ്രസ്

### നാലായിരം കോടി രൂപ അടിയന്തര സഹായം അനുവദിക്കണം

കൊച്ചി • കേരളം നേരിടുന്ന പ്രളയക്കെടുതി ദേശീയ ദുരന്തമായി പ്രഖ്യാപിച്ച്, പതിവു മാനദണ്ഡങ്ങൾ മാറ്റിവച്ച് സംസ്ഥാനത്തെ കേന്ദ്രം കൈയയച്ചു സഹായിക്കണമെന്നു കോൺഗ്രസിന്റെ നിവേദനം.

പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയുടെ നേതൃത്വത്തിലുള്ള യുഡിഎഫ് സംഘമാണു കേന്ദ്ര ആഭ്യന്തര മന്ത്രി രാജ്നാഥ് സിങ്ങിനോട് സഹായം അഭ്യർഥിച്ചത്. അഞ്ചു ദശാബ്ദത്തിനിടെയുണ്ടായ ഏറ്റവും രൂക്ഷമായ പ്രളയം, പരിഹരിക്കാൻ കഴിയാത്തത്ര നാശനഷ്ടങ്ങളാണു സംസ്ഥാനത്തുണ്ടാക്കിയത്.

ഇടുക്കി, വയനാട്, ആലപ്പുഴ, കോഴിക്കോട്, കോട്ടയം, മലപ്പുറം തുടങ്ങി മിക്ക ജില്ലകളിലും വൻ നാശമാണുണ്ടായത്. നെല്ലറയായ കുട്ടനാട് ആഴ്ചകളോളം വെള്ളത്തിൽ മുങ്ങിപ്പോയതുകാരണം നെൽക്കൃഷി അപ്പാടെ നശിച്ചു.

യഥാർഥ നഷ്ടം കണക്കാക്കാനാവാത്തവിധം ഭീമമാണ്. സ്ഥിതിഗതികൾ നേരിടുന്നതിനു നാലായിരം കോടി രൂപയെങ്കിലും ഉടനെ അനുവദിക്കണമെന്നു നിവേദനത്തിൽ ആവശ്യപ്പെട്ടു.

കുട്ടനാട് പാക്കേജിന്റെ രണ്ടാം ഘട്ടം നടപ്പാക്കാനാവശ്യമായ തുക അനുവദിക്കണം. കടലാക്രമണം നേരിടുന്നതിനു കടൽഭിത്തി നിർമിക്കാൻ പ്രത്യേക പദ്ധതി വേണമെന്നും കടൽക്ഷോഭം മൂലം കടലിൽ പോകാൻ കഴിയാത്ത മൽസ്യത്തൊഴിലാളികൾക്കു സഹായം നൽകണമെന്നും നിവേദനത്തിൽ ആവശ്യപ്പെട്ടു. എംഎൽഎമാരായ കെ.സി. ജോസഫ്, വി.കെ. ഇബ്രാഹിംകുഞ്ഞ്, അനൂപ് ജേക്കബ്, മുന്നണി നേതാക്കളായ എം.എം. ഫ്രാൻസിസ്, ജോർജ് സ്റ്റീഫൻ, വി. റാം മോഹൻ, പി. രാജേഷ് എന്നിവരും നിവേദക സംഘത്തിലുണ്ടായിരുന്നു.